©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ജനുവരി 26<br>26th January 2021<br>1196 മകരം 13<br>13th Makaram 1196<br>1942 മാഘം 6<br>6th Magha 1942 | നമ്പർ<br>No. | 4 |

## PART III

# Forest Department

### Forest and Wildlife (F) Department

NOTIFICATION

No. D3-161963/2020/FHQ. *24th December 2020.*

Following is the Revised Select List of Junior Superintendents for appointment by transfer as Senior Superintendents in Kerala Forests and Wildlife Department for the year 2020 prepared by the Ad hoc Departmental Promotion Committee (Lower) held on 12-11-2020 and approved by the Government vide letter No. F2/150/2020/FWLD dated 12-12-2020.

**Revised Select List of Junior Superintendents for the year 2020**

1. Pushpakaran, P. K.
2. Indira, A.
3. Preetha, O. K.
4. Beena, S.
5. Salil, P. S.
6. Sajjan, K. M.
7. Geethopan, G.
8. Hobby, M. V.
9. Roy K. Xavier
10. Beena, K. V.
11. Minimol Augustin
12. Prasannakumar, P. V.
13. Sreerekha, S.
14. Rajee V. Kumar

**Junior Superintendents superseded**

James Chacko

P. K. Kesavan IFS,

*Principal Chief Conservator of Forests & Head of Forest Force, Kerala & Convener, Departmental Promotion Committee (Lower).*

Forest Head Quarters,
Vazhuthacadu,
Thiruvananthapuram.

Gaz. No. 4/2021/DTP (Forest).

## കോട്ടയം ഡിവിഷൻ

ലേല പരസ്യം

നമ്പർ എ4-6173/2020. 2020 ഡിസംബർ 21.

2021 വർഷത്തിൽ കോട്ടയം ഡിവിഷനിൽപ്പെട്ട എരുമേലി, അയ്യപ്പൻകോവിൽ, നഗരംപാറ, കുമളി എന്നീ റെയിഞ്ചുകളിൽ സൂക്ഷിച്ചിട്ടുള്ള വിൽപനയോഗ്യമായ വിവിധ ഫോറസ്റ്റ് കേസ്സുകളിൽപ്പെട്ട തൊണ്ടിത്തടികൾ, വിറക്, മറ്റിനം വനവിഭവങ്ങൾ അതാത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസുകളിൽവച്ച് താഴെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 11 മണിക്ക് കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധിയായി പ്രഖ്യാപിക്കുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ലേലം നടത്തുന്നതായിരിക്കും. ലേല ദിവസം ലേലത്തിൽ വയ്ക്കാൻ യോഗ്യമായ വേറെയും തൊണ്ടിത്തടികൾ ലഭ്യമായാൽ അവയും ലേല ദിവസങ്ങളിൽ ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി ലേലത്തിൽ വച്ചിട്ടുള്ള തൊണ്ടിവകകളുടെ ഗുണനിലവാരവും അളവുകളും മറ്റു വിശദ വിവരങ്ങളും നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ല. ഓരോ ലേലത്തിലും വിൽക്കാനുദ്ദേശിക്കുന്ന തടികൾ, മറ്റ് വനവിഭവങ്ങൾ മുതലായവയെപ്പറ്റിയുള്ള വിശദവിവരങ്ങൾ അതാത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നും ലേലത്തിന് മുൻപ് അറിയാവുന്നതാണ്. മുൻ ലേലത്തിൽ സ്ഥിരപ്പെടുത്താത്ത ഏതെങ്കിലും ലോട്ടുകൾ ഉണ്ടെങ്കിൽ അവയും ലേലത്തിൽ ഉൾപ്പെടുത്തുന്നതാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)-ടെ 2-12-2009-ലെ പ്രൊ 5-6835/09-ാം നമ്പരായിട്ടുള്ള 50-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേല നിബന്ധനങ്ങളും കാലാകാലങ്ങളിൽ വനം വകുപ്പിൽ നിലവിലുള്ള മറ്റ് വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിക്കും. കോടതി ഉത്തരവ് പ്രകാരം വിൽപ്പനയ്ക്ക് വച്ചിട്ടുള്ള തൊണ്ടി തടികളുടെ മുഴുവൻ തുകയും വിജയിയായ ലേലക്കാരൻ ലേല ദിവസം തന്നെ കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുൻപായി ഈട്ടി, തേക്ക് എന്നിവയ്ക്ക് ₹ 20,000 (ഇരുപതിനായിരം രൂപ) മറ്റു തടികൾക്ക് ₹ 10,000 (പതിനായിരം രൂപ) മറ്റു വനവിഭവങ്ങൾക്ക് ₹ 2,000 (രണ്ടായിരം രൂപ) നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസിന്റെ പേരും ലേല തീയതികളും താഴെ ചേർക്കുന്നു.

### ലേല തീയതികൾ-2021

| Range | Jan. | Feb. | March | April | May | June | July | Aug. | Sep. | Oct. | Nov. | Dec. |
|---|---|---|---|---|---|---|---|---|---|---|---|---|
| Erumely | 19 | 10 | 2 | 6 | 4 | 4 | 5 | 6 | 3 | 6 | 8 | 6 |
| Kumily | 21 | 15 | 10 | 12 | 10 | 7 | 12 | 10 | 7 | 11 | 15 | 14 |
| Ayyappancoil | 27 | 19 | 15 | 19 | 18 | 14 | 19 | 16 | 20 | 21 | 22 | 20 |
| Nagarampara | 29 | 23 | 12 | 27 | 25 | 22 | 26 | 26 | 27 | 26 | 29 | 28 |

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസുകളിൽ നിന്നോ അറിയാവുന്നതാണ്.

ഫോൺ നമ്പരുകൾ:

(1) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കോട്ടയം - 0481-2562276

(2) റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, എരുമേലി - 04828-212230, 8547601211

(3) റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കുമളി - 04869-222056, 8547601146

(4) റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, അയ്യപ്പൻകോവിൽ -04868-259210, 8547601115

(5) റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, നഗരംപാറ - 04862-232274, 8547601238

സി. ബാബു, ഐ. എഫ്. എസ്,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ
കാര്യാലയം, കോട്ടയം.

## മൂന്നാർ ഡിവിഷൻ

ലേല പരസ്യം

നമ്പർ എ. എൻ.-7554/2020. 2020 ഡിസംബർ 29.

മൂന്നാർ ഡിവിഷനിൽപ്പെട്ട നേര്യമംഗലം, അടിമാലി, മൂന്നാർ, ദേവികുളം എന്നീ റെയിഞ്ചുകളിൽ സൂക്ഷിച്ചിട്ടുള്ള വിവിധ വനനിയമ കേസുകളിലെ തൊണ്ടി തടികൾ, കഴകൾ, വിറക് ഉരുപ്പടികൾ, അപകട ഭീഷണിമൂലം മുറിച്ചിട്ട തടികൾ മുതലായവ താഴെ പട്ടികയിൽ അതാതു റെയിഞ്ചിന് നേരെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 11 മണിക്ക് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. ലേല ദിവസം പൊതു അവധി ദിവസമായി വന്നാൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതായിരിക്കും. നിശ്ചിത ലേല തീയതിക്കുമുമ്പ് തന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന ലേലവസ്തുക്കളുടെ ഇനം, അളവ് മുതലായവ ലോട്ട് തിരിച്ചുള്ള തൊണ്ടി വസ്തുക്കൾ നേരിൽ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്. ലേലത്തിനുശേഷം ഇത് സംബന്ധമായ പരാതികൾ പരിഗണിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി തേക്ക്, ഈട്ടി എന്നിവയ്ക്ക് ₹ 20,000-ം മറ്റ് തടികൾക്ക് ₹ 10,000-ം വനവിഭവങ്ങൾക്ക് ₹ 2,000-ം നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും ലേലം വിളി കേൾക്കുന്നയാൾ ലേലം കഴിഞ്ഞാലുടനെ ലേലത്തുകയുടെ 35% തുക നിരതദ്രവ്യം ഉൾപ്പെടെ അടയ്ക്കേണ്ടതുമാണ്. ലേലത്തുക ₹ 20,000-മോ അതിൽ കുറവോ ആണെങ്കിൽ മൊത്തം ലേലത്തുകയും ലേലത്തുക ₹ 20,000-ൽ കവിയുകയാണെങ്കിൽ മൊത്തം ലേലത്തുകയുടെ 35% വിലയും കുറഞ്ഞത് ₹ 20,000-ം കൂടിയത് ₹ 1,00,000-ം എന്ന കണക്കിന് ലേലം കഴിയുന്ന ഉടനെ അടയ്ക്കേണ്ടതാണ്. കോടതി ഉത്തരവ് അനുസരിച്ച് ലേലം ചെയ്യപ്പെടുന്ന തൊണ്ടിയുടെ മൊത്തം വിലയും ലേലദിവസം തന്നെ ഒടുക്കേണ്ടതാണ്.

ലേലത്തിൽ പിടിച്ചെടുത്ത വകകൾ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം ബാക്കി വിലയും നിലവിലുള്ള വിൽപ്പന നികുതിയും വനവികസന നികുതി എന്നിവയും മൊത്തം സംഖ്യയ്ക്ക് 1988-ലെ ഫൈനാൻസ് ആക്റ്റ് പ്രകാരമുള്ള ആദായനികുതി മുതലായവ അടച്ച് ലേല സ്ഥലത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പിടിച്ചിട്ടുള്ള സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ ലേലം സ്ഥിരപ്പെടുത്തിയതായി അറിയിക്കുന്ന തീയതി മുതൽ 60 ദിവസത്തിനകമുള്ള അവധി കൂടി തറവാടക ഈടാക്കിക്കൊണ്ട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. മേൽപ്പറഞ്ഞ സമയത്തിനുള്ളിൽ സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ ആ വക സാധനങ്ങൾ മറ്റൊരു അറിയിപ്പ് കൂടാതെ തന്നെ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും അവയിൽ ലേലക്കാരന് യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തുകയുടെ ബാക്കി സംഖ്യ 30 ദിവസത്തിനകം അടയ്ക്കാതിരുന്നാൽ ന്യായമായ കാരണങ്ങളാൽ 30 ദിവസം കൂടി 18% പലിശയോടും നിയമപ്രകാരമുള്ള തറവാടകയോടും കൂടി അടയ്ക്കുവാൻ അനുവാദം നൽകുന്നതാണ്. അതിനുശേഷം യാതൊരു കാരണവശാലും ബാക്കി സംഖ്യ അടയ്ക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊടുക്കുന്നതല്ല. ലേലത്തുക ഈ കാലാവധിക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം ചെയ്ത സാധനങ്ങൾ അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. അപ്രകാരം ലേലം ചെയ്യുമ്പോൾ ഉണ്ടാകുന്ന നഷ്ടം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ കുടിശ്ശിക വസൂൽ ചെയ്യുന്ന നിയമങ്ങൾ അനുസരിച്ച് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭകരമായിരുന്നാൽ മുൻ ലേലക്കാരന് ടി ലേലത്തിൽ യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 2-12-2009-ലെ പ്രൊ.5-6835/2009-ാം നമ്പർ പ്രകാരം 22-12-2009-ലെ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച പൊതു ലേല നിബന്ധനകൾക്കും അവയ്ക്ക് കാലാകാലങ്ങളിൽ ഉണ്ടാക്കുന്ന കൂട്ടിച്ചേർക്കലുകൾക്കും മാറ്റങ്ങൾക്കും തൊണ്ടി ലേല വ്യവസ്ഥകൾക്കും വിധേയമായിട്ടായിരിക്കും ടി ലേലം.

ലേലത്തിൽ ഉൾപ്പെടുന്ന തടികൾ, ഉരുപ്പടികൾ ഇവയുടെ അളവും തരവും ഗുണവും ലേലക്കാരൻ ലേലത്തീയതിക്ക് മുമ്പുതന്നെ ബോദ്ധ്യപ്പെട്ടുകൊള്ളണം. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാത് റെയിഞ്ചാഫീസുകളിൽ നേരിട്ട് അന്വേഷിച്ച് അറിയാവുന്നതാണ്.

പട്ടിക

**ലേലത്തീയതി-2021**

| റെയിഞ്ച് | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| നേര്യമംഗലം | 13 | 3 | 4 | 7 | 5 | 3 | 6 | 5 | 2 | 7 | 2 | 2 |
| അടിമാലി | 14 | 11 | 9 | 20 | 11 | 8 | 14 | 10 | 8 | 12 | 10 | 8 |
| മൂന്നാർ | 19 | 16 | 18 | 22 | 19 | 16 | 22 | 12 | 16 | 21 | 16 | 22 |
| ദേവികുളം | 28 | 25 | 23 | 27 | 25 | 29 | 28 | 17 | 30 | 26 | 25 | 29 |

ഫോൺ നമ്പരുകൾ:

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്, നേര്യമംഗലം—0485 2554482, 8547601424

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്, അടിമാലി—04864 223642, 8547601381

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്, മൂന്നാർ—0485 233323, 8547601368

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്, ദേവികുളം—04865 264377, 8547601337.

കണ്ണൻ, എം. വി. ജി. ഐ.എഫ്.എസ്.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
(കേരള ഗവർണ്ണർക്കുവേണ്ടി)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, മൂന്നാർ,
ദേവികുളം.

## വാഴച്ചാൽ ഡിവിഷൻ

### പുനർ ഇ-ലേല പരസ്യം

നമ്പർ സി2-6783/2014. 2020 ഡിസംബർ 22.

വാഴച്ചാൽ ഡിവിഷനിൽ കൊല്ലത്തിരുമേട് റെയിഞ്ചിൽ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന തേക്കുതോട്ടത്തിൽ നിന്നും ഇടവെട്ടി ശേഖരിച്ചതും, 28-12-2017-ലെ ഇ-ലേലത്തിൽ വിജയിയായ ശ്രീ. രൂപേഷ്, എസ്. എച്ച്., എസ്.ആർ.എസ്. ടിംബർ ട്രേഡേഴ്സ്, ശിവാജി റാവൂ കോംപ്ലക്സ്, ബി. എം. ബൈപ്പാസ് റോഡ്, ഹുൻസൂർ, മൈസൂർ എന്നയാൾ നിയമപ്രകാരമുള്ള വിലയും, വിൽപ്പന നികുതിയുമടച്ച് എടുത്തുകൊണ്ടുപോകാൻ വീഴ്ച്ചവരുത്തിയതുമായ താഴെപ്പറയുന്ന തേക്കു തടികൾ/കഴകൾ, ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന തീയതിയിൽ വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ തിരുവനന്തപുരം സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21-8-2014-ലെ പ്രൊ. (4)-29243/13-ാം നമ്പരായി 16-9-2014-ലെ 36-ാം നമ്പർ കേരള ഗസറ്റിൽ വാല്യം 3, 17-10-2014-ലെ പ്രൊ. (4) 29243/13-ാം നമ്പരായി 4-11-2014-ലെ 43-ാം നമ്പർ കേരള ഗസറ്റിൽ വാല്യം 3, 3-12-2014-ലെ പ്രൊ. (4) 26243/13-ാം നമ്പരായി 23-12-2014-ലെ 50-ാം നമ്പർ കേരള ഗസറ്റിൽ വാല്യം 3 എന്നിവയിൽ പരസ്യപ്പെടുത്തിയിട്ടുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ അതാതു സമയത്ത് നിലവിലുള്ള മറ്റു നിയമങ്ങൾക്കും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായി ഇ-ലേലത്തിലൂടെ വില്പന നടത്തുന്നതാണ്. എം.എസ്.ടി.സി. കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുമ്പ് ₹ 20,000 (ഇരുപതിനായിരം) ഇ-പേയ്മെന്റ്/ഇ-ട്രഷറി/ഡിമാന്റ് ഡ്രാഫ്റ്റ് എം.എസ്.ടി.സി. ലിമിറ്റഡ് വഴി നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ ഇ-ലേല തുകയുടെ 35% തുക ഇ-ലേല ദിവസം തന്നെ ഇ-പെയ്മെന്റായി കെട്ടിവയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജി. എസ്. റ്റി. വനവികസന നികുതി, ആദായ നികുതി, മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതുണ്ട്.

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ലേലത്തിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം എസ്.ബി.റ്റി.-യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി ഇ-ലേലത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ സമർപ്പിക്കാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ഇ-ലേല പ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ഇ-ലേല പ്രമാണത്തോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തതും, അവയുടെ ഒറിജിനൽ തുറക്കുന്നതിനുമുൻപ് സമർപ്പിക്കാത്തതുമായ ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ NIC-യിൽ നിന്നോ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Help Desk-ൽനിന്നോ ഈ ആഫീസിൽനിന്നോ അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ ലേലക്കാരൻ ഇടപാടുനടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും ഇ-ലേലത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. ലേലക്കാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലത്തിൽ പങ്ക് കൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽനിന്നും വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേല പ്രമാണങ്ങൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.

ഇ-ലേല വില്പനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ വില്പനയ്ക്ക് വച്ചിരിക്കുന്ന ഇടവെട്ട് ഉല്പന്നങ്ങളുടെ ഗുണനിലവാരവും അളവുകളും മറ്റ് വിശദവിവരങ്ങളും കണ്ട് ബോധ്യപ്പെട്ടിരിക്കേണ്ടതും ഇ-ലേലത്തിനുശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ M.S.T.C. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ M.S.T.C. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിലോ (ഫോൺ: 0480-2701713, ഇ-മെയിൽ: dfo-vzcl.for@kerala.gov.in) കൊല്ലത്തിരുമേട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസിലോ (ഫോൺ: കൊല്ലത്തിരുമേട് 8547601935) പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

പട്ടിക

| തോട്ടം/ റെയിഞ്ച് | കഴകളുടെ ഏകദേശ അളവ് (എണ്ണം) | | | | | തടി (ബി.എസ്.) | | ഉല്പന്നങ്ങൾ അട്ടിവെച്ചിരിക്കുന്ന സ്ഥലം | ഇ-ലേല തീയതിയും സമയവും |
|---|---|---|---|---|---|---|---|---|---|
| | ഒന്നാം തരം | രണ്ടാം തരം | മൂന്നാം തരം | നാലാം തരം | അഞ്ചാം തരം | എണ്ണം | ക്യു.മീ. | | |
| 1981 റേപ്ര തേക്ക് തോട്ടം, കൊല്ലത്തിരുമേട് റെയിഞ്ച് | 0 | 0 | 250 | 100 | 0 | 0 | 0 | വാച്ചുമരം ഡമ്പിംഗ് ഡിപ്പോ, കൊല്ലത്തിരുമേട് റെയിഞ്ച് | 11-2-2021, 11.30 a.m. & 19-2-2021, 1.30 p.m. |

No. C2-6783/2014. *22nd December 2020.*

It is hereby notified for the general information of the public that Teak Poles collected from 1981 Repra Teak Plantation, Kollathirumedu Range, under this Division by thinning will be sold in e-auction sale subject to detailed auction sale conditions published in Kerala Gazette No. 36, Vol. III dated 16-9-2014 of Additional Principal, Chief Conservator of Forests (Protection), Thiruvananthapuram vide Notification No. Pro. (4) 29243/13 dated 21-8-2014, Kerala Gazette No. 43, Vol. III dated 4-11-2014 of Additional Principal, Chief Conservator of Forests (Protection), Thiruvananthapuram vide Notification No. Pro. (4) 26243/13 dated 17-10-2014 and Kerala Gazette No. 50, Vol. III, dated 23-12-2014 of Additional Principal Chief Conservator of Forests (Protection), Thiruvananthapuram vide Notification No. Pro. (4) 26243/13 dated 3-12-2014 and other rules in force, as per schedule furnished below. Any Government loss incurred in this regard will be the libility of Sri. Roopesh, S. H., SRS Timber Traders, Shivaji Rao Complex, B. M. Bypass Road, Hunsur, Mysore, Who bid the same in the auction held on 27-12-2017 and failed to transport after remitting the Sale Value and Taxes. Those who wish to participate have to remit an amount of ₹ 20,000 as EMD as e-payment before the e-auction through MSTC limited. Successful bidders will have to remit 35% of the bid amount on the e-auction itself through e-payment. Successful bidders will have to remit the balance value, GST, Forest Development Tax, Income Tax and such other taxes that are prevailing at the time of e-auction within the stipulated time limit.

E-auction documents and connected records are available in the website: www.mstcecommerce.com. The Earnest Money Deposit should be submitted on e-payment/e-treasury/demand draft/MSTC through the internet online Banking of or through NEFT for other banks. For submission of e-auction visit the website: www.mstcecommerce.com. All bids/e-auction documents are to be submitted online only and in the designated online cover(s)/envelope(s) on the www.mstcecommerce.com. website and e-auction documents submitted manually/through post will not be entertained.

Online e-auction/bids are to be accompanied with relevant documents. E-auction/bids received online without scanned copies of relevant documents will not be considered and shall be summarily rejected. Any further clarification on this e-auction can be obtained from NIC/the e-auction Helpdesk number available in the www.mstcecommerce.com website and from the office of the Divisional Forest Officer, Vazhachal during the office hours. The details regarding e-payment (Bidder's Bank Account Number where he/she is having core banking facility and e-mail ID) should be submitted along with the e-auction documents. E-auction documents without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers. The Forest Department will not be responsible for any inconvenience or loss to the Bidder while uploading/downloading the bid.

The bidders who wish to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned Village Officer, or any other approved identity documents along with the EMD through online. Those who do not produce any approved Identity Card or Certificate will not be eligible to participate in the e-auction.

The intending bidders should satisfy themselves about the quality and quantity of the thinned materials put up for e-auction sale and no complaints will be entertained after the e-auction. The quantity that may become ready for sale after the publication of this notification will also be included in the e-auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this e-auction. The unsold materials in the e-auction will be re-auctioned. Further details of e-auction sale will be available from this office (Phone No. 0480-2701713, e-mail: dfo-vzcl.for@kerala.gov.in) or Kollathirumedu Range Forest Office (Phone No. 8547601935).

Gaz. No. 4/2021/DTP (Forest).

TABLE

| *Name of Plantation/ Range* | *Approximate Number of Teak Poles* | | | | | | | *Name of Dumping Site* | *E-Auction Date and Time* |
|---|---|---|---|---|---|---|---|---|---|
| | *1st Class* | *2nd Class* | *3rd Class* | *4th Class* | *5th Class* | *BS No.* | *BS ($M^3$)* | | |
| 1981 Repra Teak, Plantation | 0 | 0 | 250 | 100 | 0 | 0 | 0 | Vachumaram Dumping Depot, Kollathirumedu Range | 11-2-2021, 11.30 am & 19-2-2021, 1.30 pm |

Office of the Divisional Forest Officer,
Vazhachal Division,
Chalakudy.

(Sd.)
*Divisional Forest Officer*
(For and on behalf of the Governor of Kerala).

---

## നിലമ്പൂർ നോർത്ത് ഡിവിഷൻ

ഇ-ലേല പരസ്യം

നമ്പർ ബി1-9692/2020. 2020 ഡിസംബർ 29.

നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിലുള്ള നിലമ്പൂർ ഫോറസ്റ്റ് റെയ്ഞ്ചിലെയും എടവണ്ണ ഫോറസ്റ്റ് റെയ്ഞ്ചിലെയും വഴിക്കടവ് ഫോറസ്റ്റ് റെയ്ഞ്ചിലെയും വിവിധ തോട്ടങ്ങളിൽനിന്നും ശേഖരിച്ചതും താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുന്നതുമായ വിഭവങ്ങളുടെ ഇ-ലേലം പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതികളിൽ നടത്തുന്നതായിരിക്കും. MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 09946473645, 04391 220232, 04931 220005, 04931 221959 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. 16-9-2014-ലെ വോള്യം III, പാർട്ട് III, 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21-8-2014-ലെ പ്രൊ.(4) 29243/2013-ാം നമ്പർ നിബന്ധനകളും 4-11-2014-ലെ വോള്യം III, പാർട്ട് III, 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17-10-2014-ലെ പ്രൊ.(4)29243/2013-ാം നമ്പർ നിബന്ധനകളും 24-2-2015-ലെ കേരള സർക്കാർ ഗസറ്റ് വോള്യം IV, പാർട്ട് III, 8-ാം നമ്പർ പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 3-2-2015-ലെ പ്രൊ.(4)29243/2013-ാം നമ്പർ വിജ്ഞാപനവും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള/പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും ഈ ലേലത്തിന് ബാധകമാണ്.

പട്ടിക

| ഇനം | അളവ് | ഡമ്പിംഗ് ഡിപ്പോ | ഇ-ലേല തീയതികൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| **നിലമ്പൂർ റെയിഞ്ച്** | | | |
| നിലമ്പൂർ റെയ്ഞ്ചിലെ വിവിധ തോട്ടങ്ങളിൽ നിന്നും സിൽവികൾച്ചറൽ തിന്നിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളിൽനിന്നും ശേഖരിക്കുന്ന കഴകളും, വിറകുകളും, വീടിനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങളിൽ നിന്നും മുറിച്ചുനീക്കം ചെയ്ത തടികളും, കഴകളും, വിറകുകളും | പ്രതീക്ഷിത അളവുകൾ | ചാലിയാർമുക്ക് ഡമ്പിംഗ് ഡിപ്പോ | (ആദ്യ ഇ-ലേലം) 29-1-2021 (പകരം ഇ-ലേല തീയതികൾ) 9-2-2021 1-3-2021 5-4-2021 3-5-2021 2-6-2021 2-7-2021 2-8-2021 1-9-2021 4-10-2021 1-11-2021 1-12-2021 |

| (1) | (2) | (3) | (4) |
|---|---|---|---|
| | | **എടവണ്ണ റെയിഞ്ച്** | |
| എടവണ്ണ റെയ്ഞ്ചിലെ വിവിധ തോട്ടങ്ങളിൽ നിന്നും സിൽവികൾച്ചറൽ തിന്നിംഗ്, അടക്കിമുറി ഉൾപ്പെടെയുള്ള പ്രവൃത്തികളിൽനിന്നും ശേഖരിക്കുന്ന കഴകളും വിറകുകളും വീടിനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങളിൽ നിന്നും മുറിച്ചു നീക്കം ചെയ്ത തടികളും കഴകളും വിറകുകളും | പ്രതീക്ഷിത അളവുകൾ | എരഞ്ഞിമങ്ങാട് ഡമ്പിംഗ് ഡിപ്പോ<br>കുട്ടിമണ്ണ ഡമ്പിംഗ് ഡിപ്പോ | (ആദ്യ ഇ-ലേലം)<br>29-1-2021<br>(പകരം ഇ-ലേല തീയതികൾ)<br>18-2-2021<br>12-3-2021<br>12-4-2021<br>12-5-2021<br>11-6-2021<br>12-7-2021<br>13-8-2021<br>13-9-2021<br>12-10-2021<br>11-11-2021<br>13-12-2021 |
| | | **വഴിക്കടവ് റെയിഞ്ച്** | |
| വഴിക്കടവ് റെയ്ഞ്ചിലെ വിവിധ തോട്ടങ്ങളിൽ നിന്നും സിൽവികൾച്ചറൽ തിന്നിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളിൽനിന്നും ശേഖരിക്കുന്ന കഴകളും വിറകുകളും വീടിനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങളിൽ നിന്നും മുറിച്ചുനീക്കം ചെയ്ത തടികളും കഴകളും വിറകുകളും | പ്രതീക്ഷിത അളവുകൾ | കരിയംമുരിയം ഡമ്പിംഗ് ഡിപ്പോ | (ആദ്യ ഇ-ലേലം)<br>29-1-2021<br>(പകരം ഇ-ലേല തീയതികൾ)<br>25-2-2021<br>22-3-2021<br>23-4-2021<br>24-5-2021<br>21-6-2021<br>23-7-2021<br>25-8-2021<br>23-9-2021<br>21-10-2021<br>23-11-2021<br>22-12-2021 |

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും ഇനം/അളവ് വിൽക്കാതിരിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത് ഡിവിഷനിൽ നിക്ഷിപ്തമായിരിക്കും. ലേലത്തിൽ പങ്കുകൊള്ളുന്നതിന് ₹ 20,000 നിരതദ്രവ്യം ലേല ദിവസത്തിന്റെ തൊട്ടുതലേ ദിവസം വൈകുന്നേരം 6 മണിക്ക് മുമ്പായി അടച്ചിരിക്കണം. ഈ തുക ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത് ഡിവിഷൻ എന്ന പേരിൽ ഇ-ട്രഷറി മുഖാന്തിരമോ ഡിമാന്റ് ഡ്രാഫ്റ്റ് മുഖാന്തിരമോ അടവാക്കേണ്ടതാണ്. ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവൃത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, നിലമ്പൂർ ശാഖയിൽ നിന്നും മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായോ നിലമ്പൂർ സബ് ട്രഷറിയിൽ പണമായോ അടയ്ക്കേണ്ടതാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ അത് ലേലക്കാരൻ നൽകേണ്ടതാണ്.

ലേല നിബന്ധനകളിൽ ഗവൺമെന്റോ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരമോ എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള വിറകിന്റെയും കഴകളുടെയും അളവ് ഉദ്ദേശമാണ്. അളവിൽ മാറ്റം വരുത്തുന്നതിനോ മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം

നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. വിവിധ റെയിഞ്ചുകളിൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി/ജീവനും സ്വത്തിനും ഭീഷണിയായി മുറിച്ചുനീക്കുന്ന മരങ്ങളിൽ നിന്ന് ശേഖരിക്കുന്ന വിഭവങ്ങളും ഡമ്പിംഗ് ഡിപ്പോ ലേലത്തിൽ ഉൾപ്പെടുത്തുന്നതുമാണ്. ഒഴിവാക്കാനാകാത്ത അടിയന്തര സാഹചര്യങ്ങളിൽ ഒരു റെയിഞ്ചിലെ ഡമ്പിംഗ് ഡിപ്പോയ്ക്ക് നോട്ടിഫൈ ചെയ്തിട്ടുള്ള തീയതിയിൽ മറ്റ് റെയിഞ്ചുകളിലെ ഡമ്പിംഗ് ഡിപ്പോ ലേലം നടത്തുന്നതായിരിക്കും.

ലേലം സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ/ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത് ഡിവിഷൻ, നിലമ്പൂർ, മലപ്പുറം ജില്ല-679 329.
ഇ-മെയിൽ: dfo-nlbrn.for@kerala.gov.in, dfo.nilamburnorth@gmail.com, ഫോൺ നമ്പർ: 04931 220232.
റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ റെയിഞ്ച് ഇ-മെയിൽ: rangeforestofficernbr@gmail.com
ഫോൺനമ്പർ: 04931 220005.

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, എടവണ്ണ റെയിഞ്ച്
ഇ-മെയിൽ: roedavanna@gmail.com. ഫോൺ നമ്പർ: 04931 221959.

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വഴിക്കടവ് റെയിഞ്ച്
ഇ-മെയിൽ: rfovkd@gmail.com. ഫോൺ നമ്പർ: 04931 275322.

No. B1-9692/2020. *29th December 2020.*

The following quantities of Teak and Misc poles, Teak & Misc. Firewood, Teak Billets collected from Teak Plantations of Nilambur, Edavanna and Vazhikkadavu Ranges under Nilambur North Division, mentioned in the following tables are put up for by e-auction sale on the dates mentioned in the table. Those who registered for auction with MSTC Company only can have the right to participate in e-auction. Further details can be had from the website www.mstcecommerce.com or 09946473645, 04931 220232, 04931 220005, 04931 221959, 04931 275322.

SCHEDULE

| *Item* | *Quantity* | *Name of Dumping Depot* | *e-Auction dates* |
|---|---|---|---|
| (1) | (2) | (3) | (4) |
| **Nilambur Range** | | | |
| Poles and firewood collected from various plantations under Nilambur range through Silvicultural thinning and other works and collected timber, poles & fire wood from felled trees which dangerous to life and property. | Anticipated quantity | Chaliyarmukku Dumbing Depot | (First e-auction) 29-1-2021 (Alternative e-Auction Dates) 9-2-2021 1-3-2021 5-4-2021 3-5-2021 2-6-2021 2-7-2021 2-8-2021 1-9-2021 4-10-2021 1-11-2021 1-12-2021 |

| (1) | (2) | (3) | (4) |
|---|---|---|---|
| | **Edavanna Range** | | |
| | | Eranhimangad Dumbing Depot | (First e-auction) 29-1-2021 |
| Poles and firewood collected from various plantations under Edavanna Range through Silvicultural thinning final felling and other works and collected timber, poles & fire wood from felled trees which dangerous to life and property. | Anticipated quantity | Kuttimanna Dumbing Depot | (Alternative e-Auction Dates) 18-2-2021 12-3-2021 12-4-2021 12-5-2021 11-6-2021 12-7-2021 13-8-2021 13-9-2021 12-10-2021 11-11-2021 13-12-2021 |
| | **Vazhikkadavu Range** | | |
| | | | (First e-auction) 29-1-2021 |
| Poles and firewood collected from various plantations under Vazhikkadavu Range through Silvicultural thinning and other works and collected timber, poles & fire wood from felled trees which dangerous to life and property. | | Kariyammuriyam Dumbing Depot | (Alternative e-Auction Dates) 25-2-2021 22-3-2021 23-4-2021 24-5-2021 21-6-2021 23-7-2021 25-8-2021 23-9-2021 21-10-2021 23-11-2021 22-12-2021 |

The sale will be subjected to the conditions notified in the e-auction notification and the general sale conditions vide Notification No. Pro.(4)-29243/2013 dated 21-8-2014 of Additional Principal Chief Conservator of Forests (Protection), Thiruvananthapuram published in Kerala Gazette No. 36, Volume III, Part III dated 16-9-2014, Notification No. Pro. (4)-29243/2013 dated 17-10-2014 of Additional Principal Chief Conservator of Forests (Protection), Thiruvananthapuram published in Kerala Gazette No. 43, Volume III, Part III dated 4-11-2014 and Notification No. Pro.(4)-29243/2013 dated 3-2-2015 of Additional Principal Chief Conservator of Forests (Vigilance), Thiruvananthapuram published in Kerala Gazette No. 8, Volume III, Part III dated 24-2-2015. All orders issued by Government in this regard from time to time is also applicable.

The Divisional Forest Officer, Nilambur North reserves all the right to exclude any quantity of firewood shown in the schedule above for sale. EMD amount of ₹ 20,000 for participating e-auction can be remitted through e-treasury online payment system to or by Demand Draft, DFO to Nilambur North Division before 6 p. m. on the previous day of the e-auction. The buyer registration number has to be mentioned while paying the EMD. Only the registered customers who will submit the EMD will be able to participate against the eligible lots in e-auction. If the sale value of bid materials is not paid within the specified time period against any of the bid lot by the H1 bidder, the EMD will be forfeited.

Gaz. No. 4/2021/DTP (Forest).

The successful bidder, 35% of the bid value, after adjusting the EMD already remitted, shall be paid within 7 working days of issuance of acceptance letter. The mode of payment is through e-treasury of Government of Kerala or Demand Draft (DD) drawn in favour of Divisional Forest Officer, Nilambur North Division payable at State Bank of Travancore, Nilambur Branch or by cash in Sub Treasury, Nilambur. If any amount is charged by bank for clearing the Demand Draft, the same shall be borne by the bidder himself.

If any modifications or change in the sale conditions are intimated by the goverment or by the Additional Principal Chief Conservator of Forests (Protection), Thiruvananthapuram, that will also be applicable to this e-auction sale and it will be informed to the bidder before e-auction. The undersigned reserves the right to alter the quantities of the materials mentioned in the above schedule or to cancel the e-auction of any materials without further notice. Timber poles, Firewood collected from felled trees (felled as part of development purposes/dangers to life and property) will also be included dumping depot auction. In the case of urgency, on the date notified for as specific range, auctions of another ranges dumping depot can also be conducted.

Further particulars can be had from:

1. The Divisional Forest Officer, Nilambur North Division, Nilambur, Malappuram District, Kerala, Pin-679 329. e-mail:dfo-nlbrn.for@kerala.gov.indfonilamburnorth@gmail.com, Phone: 04931 220232.

2. The Range Forest Officer, Nilambur Range, Malappuram District, Kerala. e-mail: rangeforestofficernbr@gmail.com

   Phone: 04931 220005

3. The Range Forest Officer, Edavanna Range, Malappuram District, Kerala. e-mail: roedavanna@gmail.com Phone: 04931 221959.

(Sd.)

*Divisional Forest Officer.*
(For and on behalf of the
Governor of Kerala)

Office of the Divisional Forest Officer,
Nilambur.

---

## കോഴിക്കോട് ഡിവിഷൻ

<u>ലേല പരസ്യം</u>

നമ്പർ ബി2-20/2021. 2021 ജനുവരി 5.

കോഴിക്കോട് ഡിവിഷനിൽപ്പെട്ട താഴെ പറയുന്ന റെയിഞ്ചുകളിലെ തൊണ്ടി സാധനങ്ങളായ തടികൾ, ആയുധങ്ങൾ, ഉരുപ്പടികൾ, വിറക് മുതലായവ അതാത് റെയിഞ്ചുകളിൽ വെച്ച് ഓരോ റെയിഞ്ചിന് നേരെ കാണിച്ചിരിക്കുന്ന തീയതികളിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പരസ്യമായി ദർഘാസ്/ലേലം മുഖേന വിൽക്കുന്നതായിരിക്കും. നിശ്ചിത ദിവസം വല്ല കാരണവശാലും പൊതു അവധി ആയി വന്നാൽ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.

<u>ലേല വ്യവസ്ഥകൾ</u>

1. താഴെ പറയുന്ന പ്രത്യേക ലേല നിബന്ധനകൾക്ക് പുറമേ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)-ന്റെ 6-12-2008-ലെ പ്രൊ-57698/2008 നമ്പർ പ്രകാരം 16-12-2008-ലെ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച പൊതു ലേല നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കും. സർക്കാർ തടി ഡിപ്പോകളിൽ അതാതു കാലത്തു നിലവിൽ വരുന്ന പൊതു ലേലവ്യവസ്ഥകൾ ഈ ലേലത്തിനും ബാധകമായിരിക്കും.

2. ലേലത്തിന് മുമ്പ് തന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സാധനങ്ങളുടെയും മറ്റും നിൽപ്പുസ്ഥിതിയും അളവ്, എണ്ണം, ഗുണനിലവാരം മുതലായവ നേരിൽ പരിശോധിച്ച് തൃപ്തിപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഉണ്ടാവുന്ന യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

3. ലേലത്തിൽ പങ്ക് കൊള്ളാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി ₹ 2,000 (രണ്ടായിരം) നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്.

4. കോടതി അനുമതി വാങ്ങിയശേഷം ചെയ്യുന്ന തൊണ്ടി സാധനങ്ങളും മുഴുവൻ തുകയും ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്.

5. ലേലത്തിൽ വിളിച്ചെടുത്ത തൊണ്ടി സാധനങ്ങളുടെ മൊത്തം വില ₹ 20,000 (ഇരുപതിനായിരം)-ൽ കുറവാണെങ്കിൽ മുഴുവൻ തുകയും അതിൽ കൂടുതൽ ആണെങ്കിൽ മൊത്തം ലേല തുകയുടെ 35% വില, കുറഞ്ഞത് ₹ 20,000, കൂടിയത് 1,00,000 എന്ന കണക്കിൽ ലേലം കഴിഞ്ഞ ഉടനെ കെട്ടിവെയ്ക്കേണ്ടതാണ്.

6. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തി വിവരം അറിയിക്കുന്ന തീയതി മുതൽ 40 ദിവസത്തിനകം ബാക്കി വിലയും നിലവിലുള്ള വിൽപ്പന നികുതി, വനവികസന നികുതി, ആദായ നികുതി എന്നിവയും ഒടുക്കി തൊണ്ടി സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

**പട്ടിക**

| പെരുവണ്ണാമൂഴി | കുറ്റ്യാടി | താമരശ്ശേരി |
|---|---|---|
| 27-1-2021 | 28-1-2021 | 29-1-2021 |
| 24-2-2021 | 25-2-2021 | 26-2-2021 |
| 24-3-2021 | 25-3-2021 | 26-3-2021 |
| 26-4-2021 | 27-4-2021 | 28-4-2021 |
| 24-5-2021 | 25-5-2021 | 26-5-2021 |
| 23-6-2021 | 24-6-2021 | 25-6-2021 |
| 21-7-2021 | 22-7-2021 | 23-7-2021 |
| 25-8-2021 | 26-8-2021 | 27-8-2021 |
| 22-9-2021 | 23-9-2021 | 24-9-2021 |
| 20-10-2021 | 21-10-2021 | 22-10-2021 |
| 24-11-2021 | 25-11-2021 | 26-11-2021 |
| 22-12-2021 | 23-12-2021 | 24-12-2021 |

No. B2-20/2021. *5th January 2021.*

The Thondy articles such as logs, weapons, swan sizes, firewood etc. in the below mentioned ranges in this Division will be sold in Tender/Auction sale by the Divisional Forest Officer, Kozhikode or an officer authorized by him on the dates noted against each. In case the proposed dates happen to be a public holiday, the tender/auction will be conducted on the next working day at the same place and same time of schedule so fixed.

CONDITIONS

1. Besides the tender/auction condition mentioned below the common condition published in the Kerala Gazette dated 22-12-2009 vide Notification No. Pro-(5) 6835/09 dated 22-12-2009 of the Chief Conservator of Forests (Protection), Thiruvananthapuram and the other common sale conditions prevalent as in time to time in the Forest Department will also be applicable to this auction sale.

2. The intending bidders should satisfy themselves about the quality of the material put up for auction sale before the commencement of the auction and any complaint raised, there after the sale will not be entertained at any rate.

3. Intending tenderers/bidders should deposit ₹ 2,000 (Rupees Two thousand only) as E.M.D before their participation in tender/auction sale.

4. The successful bidders/tenderer should remit the full sale value of the thondy article on the auction date itself for those produce which are put up for auction after obtained the Court sanction.

5. If the total bid amount of the thondy articles is below ₹ 20,000 the full amount of the sale value should be remitted after the auction and if sale value exceeds ₹ 20,000, 35 % of the sale value, subject to a minimum of 20% and maximum ₹ 1,00,000 should also be remitted on the same date of the auction.

6. The balance amount and taxes etc. should be remitted and remove the materials within 40 days from the date of receipt of intimation of the confirmation order.

SCHEDULE

| *Peruvannamuzhy* | *Kuttiady* | *Thamarassery* |
|---|---|---|
| 27-1-2021 | 28-1-2021 | 29-1-2021 |
| 24-2-2021 | 25-2-2021 | 26-2-2021 |
| 24-3-2021 | 25-3-2021 | 26-3-2021 |
| 26-4-2021 | 27-4-2021 | 28-4-2021 |
| 24-5-2021 | 25-5-2021 | 26-5-2021 |
| 23-6-2021 | 24-6-2021 | 25-6-2021 |
| 21-7-2021 | 22-7-2021 | 23-7-2021 |
| 25-8-2021 | 26-8-2021 | 27-8-2021 |
| 22-9-2021 | 23-9-2021 | 24-9-2021 |
| 20-10-2021 | 21-10-2021 | 22-10-2021 |
| 24-11-2021 | 25-11-2021 | 26-11-2021 |
| 22-12-2021 | 23-12-2021 | 24-12-2021 |

(Sd.)

Divisional Forest Office,
Kozhikode.

*Divisional Forest Officer.*
(For and on behalf of the Governor of Kerala)

ദർഘാസ്/ലേല പരസ്യം

നമ്പർ എഫ്-6526/2020. 2021 ജനുവരി 11.

കോഴിക്കോട് ഫോറസ്റ്റ് ഡിവിഷന്റെ അധീനതയിലുള്ള പെരുവണ്ണാമൂഴി ഫോറസ്റ്റ് റെയിഞ്ചിലെ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന കശുമാവിൻ തോട്ടങ്ങളിൽ നിന്നും 30-6-2021 വരെയുള്ള കാലയളവിൽ കശുവണ്ടി ശേഖരിച്ചു നീക്കം ചെയ്തു കൊണ്ടു പോകുന്നതിനുള്ള അവകാശം ഈ വിഞ്ജാപനപ്രകാരമുള്ള ലേല നിബന്ധനകൾക്കും 1-1-2008-ലെ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 7-12-2007-ലെ ജി1-7906/07-നമ്പർ ദർഘാസ്/ലേല പരസ്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള സമയത്തും സ്ഥലത്തും വെച്ച് കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ 1-2-2021 ഉച്ചയ്ക്ക് 3 മണിക്ക് പരസ്യമായി ദർഘാസ്/ലേലം മുഖേന വിൽക്കുന്നതായിരിക്കും.

**പട്ടിക**

| ക്രമ നമ്പർ | തോട്ടത്തിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) | ദർഘാസ്/ലേല സ്ഥലം | ലേല തീയതി |
|---|---|---|---|---|
| 1 | 1976 കശുമാവ് തോട്ടം | 30 | പെരുവണ്ണാമൂഴി | 1-2-2021 |
| 2 | 1977 കശുമാവ് തോട്ടം | 50 | റെയിഞ്ച് ഓഫീസ് | |
| 3 | 1980 കശുമാവ് തോട്ടം | 48.81 | | |

മേൽ പറഞ്ഞ 1-2-2021-ന് ദർഘാസ്/ലേലം നടക്കാതെ വരികയാണെങ്കിൽ പുനർലേലം 3-2-2021-നും അന്നേ ദിവസവും ലേലം നടക്കാതെ വരികയാണെങ്കിൽ 8-2-2021-ാം തീയതിയിൽ അതേ സമയത്തും സ്ഥലത്തും വെച്ച് നടത്തുന്നതായിരിക്കും. ടി പ്രവൃത്തി ദിവസങ്ങളിൽ വല്ല കാരണവശാലും പൊതു അവധി വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസങ്ങളിൽ ലേലം നടത്തുന്നതാണ്.

നിരതദ്രവ്യം—₹ 5,000.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ പേരും പൂർണ്ണമായ മേൽവിലാസവും ഒപ്പും സാക്ഷ്യപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ്, ഇലക്ഷൻ കമ്മീഷൻ നൽകിയ ഐഡന്റിറ്റി കാർഡ്, മറ്റ് അംഗീകൃത തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ദർഘാസ്/ലേല ദിവസം ഹാജരാക്കേണ്ടതാണ്. അല്ലാത്തവരെ യാതൊരു കാരണവശാലും ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

ദർഘാസ് ഫോറം ലേല ദിവസം ഉച്ചയ്ക്ക് 1 മണിവരെ പെരുവണ്ണാമൂഴി റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നും ₹ 500+ GST അടച്ച് വാങ്ങാവുന്നതും ലേലദിവസം പകൽ 2 മണിവരെ ദർഘാസുകൾ പെരുവണ്ണാമൂഴി ഫോറസ്റ്റ് റെയിഞ്ചാഫീസിൽ സ്വീകരിക്കുന്നതുമാണ്.

ദർഘാസ്/ലേലം കൊണ്ടയാൾ ഓരോ തോട്ടത്തിനും മൊത്തം തുകയുടെ മൂന്നിൽ ഒന്ന് (1/3) തുകയോ ഒരു ലക്ഷം രൂപയോ ഏതാണ് കുറവ് ആയത് ലേല ദിവസം തന്നെ കെട്ടിവയ്ക്കേണ്ടതാണ്.

ദർഘാസ്/ലേലം സംബന്ധമായ കൂടുതൽ വിവരങ്ങൾ പെരുവണ്ണാമൂഴി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നോ കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും നേരിട്ട് അറിയാവുന്നതാണ്.

നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി ₹ 5,000 ലേലത്തിനു മുൻപായി കെട്ടിവയ്ക്കേണ്ടതാണ്.
2. സർക്കാർ കശുവണ്ടി കുത്തക സംഭരണം ഏർപ്പെടുത്തുകയാണെങ്കിൽ കരാറുകാരൻ തോട്ടത്തിൽ നിന്നും ശേഖരിക്കുന്ന കശുവണ്ടി സർക്കാർ ഏജന്റിനേയോ അല്ലെങ്കിൽ അവരുടെ അംഗീകൃത ഏജന്റിനേയോ അതാത് പ്രദേശത്ത് നോട്ടിഫൈ ചെയ്ത നിരക്കിൽ വിൽക്കേണ്ടതാണ്.
3. ശേഖരിക്കുന്ന കശുവണ്ടി ഡിപ്പാർട്ട്മെന്റ് നൽകുന്ന പാസ്സുകൾ പ്രകാരം മാത്രമേ നീക്കം ചെയ്യുവാൻ പാടുള്ളൂ. ഇപ്രകാരം പാസ്സുകൾ മുഖേന സർക്കാർ ഏജന്റിനോ അവരുടെ അംഗീകൃത ഏജന്റിനോ വിൽക്കുന്ന കശുവണ്ടിക്ക് പ്രസ്തുത ഏജന്റുമാരിൽനിന്നും കശുവണ്ടി അവർക്കു ലഭിച്ചിട്ടുണ്ടെന്നുള്ള തെളിവിലേക്കായി രശീതി വാങ്ങി സമർപ്പിക്കേണ്ടതാണ്.
4. കശുവണ്ടി കുത്തക സംഭരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ സർക്കാർ ഏജന്റിനോ മറ്റ് ഏജന്റിനോ കശുവണ്ടി കൊടുത്തിട്ടുള്ളതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ സെക്യൂരിറ്റി തുക തിരികെ നൽകുകയുള്ളൂ.
5. ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആളുടെ പേരിൽ ലേലം/ദർഘാസ് ഉറപ്പിക്കുന്നതാണ്. യാതൊരു കാരണവും ബോധിപ്പിക്കാതെ ലേലം/ദർഘാസ് റദ്ദു ചെയ്യുവാൻ ഡിവിഷണൽ ഫോറസ്റ്റോഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
6. പോസ്റ്റ് ഓഫറുകൾ—ദർഘാസ്/ലേലത്തിന് ശേഷം മൂന്ന് ദിവസത്തിനകം അതാത് ഓഫീസിൽ ലഭിക്കുന്ന രേഖാമൂലമായ ദർഘാസ്/ലേലാനന്തര വാഗ്ദാനങ്ങൾ (പോസ്റ്റ് ഓഫറുകൾ) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കുന്നതാണ്.

    (എ) ദർഘാസ്/ലേലത്തിൽ വാഗ്ദാനം ചെയ്തിട്ടുള്ള തുക ഒരു ലക്ഷത്തിൽ അധികമാണെങ്കിൽ 10 ശതമാനത്തിലും ഒരു ലക്ഷമോ അതിൽ താഴെയോ ആണെങ്കിൽ 20 ശതമാനത്തിലും കൂടുതലായിട്ടുള്ള വാഗ്ദാനങ്ങളേ സ്വീകരിക്കുകയുള്ളൂ.

    (ബി) ദർഘാസ്/ലേല ദിവസം പ്രസ്തുത ബ്ലോക്കിനുവേണ്ടി അടച്ചിട്ടുള്ള തുകയും തുകയുടെ 20% എങ്കിലും കൂടുതലും ഡിമാന്റ് ഡ്രാഫ്റ്റായി കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ കോഴിക്കോട് മാറത്തക്കവിധം അടയ്ക്കേണ്ടതാണ്.

    (സി) ഇതിലേക്കായി പ്രത്യേകം ഉടമ്പടി വെയ്ക്കേണ്ടതാണ്.

    (ഡി) മേൽപറഞ്ഞ വ്യവസ്ഥകൾക്ക് അനുസൃതമായി പോസ്റ്റ് ഓഫർ സമർപ്പിക്കുന്ന വ്യക്തിയുടെ അടച്ച തുക മുഴുവൻ സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിച്ചുകൊണ്ട് പൊതു ദർഘാസ്/ലേലം വീണ്ടും നടത്തുന്നതാണ്. പ്രസ്തുത ദർഘാസ്/ലേലത്തിൽ ലഭിക്കുന്ന ഏറ്റവും കൂടിയ തുക പോസ്റ്റ് ഓഫർ തുകയേക്കാൾ കുറവാണെങ്കിൽ പോസ്റ്റ് ഓഫറിൽ വാഗ്ദാനം നൽകപ്പെട്ടിട്ടുള്ള തുകയ്ക്ക് ദർഘാസ്/ലേലം ഉറപ്പിക്കുന്നതാണ്. പോസ്റ്റ് ഓഫർ സമർപ്പിച്ചിട്ടുള്ള ആൾ അടച്ചിട്ടുള്ള മുഴുവൻ തുകയും ഡിവിഷനിലേക്ക് വസൂൽ ചെയ്യുന്നതാണ്. എന്നാൽ ദർഘാസ്/ലേലത്തിൽ കിട്ടുന്ന തുകയാണ് കൂടുതലെങ്കിൽ അപ്രകാരം ഓഫർ ചെയ്തിട്ടുള്ള ലൈസൻസിക്ക് ദർഘാസ്/ലേലം സ്ഥിരപ്പെടുത്തുന്നതും പോസ്റ്റ് ഓഫർ സമർപ്പിച്ചിട്ടുള്ള ആൾ അടച്ചിട്ടുള്ള മൊത്തം തുകയും മടക്കി കൊടുക്കുന്നതുമാണ്.

7. ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരെ അറിയിക്കുന്ന ദിവസം മുതൽ 15 ദിവസത്തിനകം ബാക്കി ലേലത്തുകയും നിലവിലുള്ള ചരക്ക് സേവന നികുതി, വനവികസന നികുതി, ആദായ നികുതി എന്നിവയും അടച്ച് ഡിവിഷണൽ ഫോറസ്റ്റോഫീസർ മുമ്പാകെ ഉടമ്പടി വെയ്ക്കേണ്ടതാണ്.

8. ഉടമ്പടി വെയ്ക്കുന്നതിന് മുമ്പായി നിരതദ്രവ്യമുൾപ്പെടെ ലേലസംഖ്യയുടെ 10 ശതമാനം സംഖ്യ സർക്കാർ ട്രഷറിയിൽ സെക്യൂരിറ്റിയായി അടച്ച പാസ്സ് ബുക്ക് ഡിവിഷണൽ ഫോറസ്റ്റോഫീസറുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

9. ദർഘാസ്/ലേല സ്ഥിരീകരണ തീയതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിൽ മുഴുവൻ പണവും അടയ്ക്കുവാനുള്ള സമയ പരിധി നിശ്ചയിച്ചിരിക്കുന്നു. ഈ തീയതിക്ക് ശേഷം പലിശയോടുകൂടിയോ പിഴ പലിശയോടുകൂടിയോ പണം ഒടുക്കുവാനുള്ള അവസരം കൊടുക്കുന്നതല്ല.

10. നിശ്ചിത കാലയളവിൽ പണമടച്ച് ഉടമ്പടി വെയ്ക്കാത്തപക്ഷം ലേലം റദ്ദു ചെയ്യുകയും ലേലക്കാരൻ അടച്ച മുഴുവൻ സംഖ്യയും സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർദർഘാസ്/ലേലം നടത്തുന്നതുമായിരിക്കും. ആയതു വഴി സർക്കാരിന് ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും മുൻ ലേല/ദർഘാസുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. പുനർദർഘാസ്/ലേലത്തിൽ സർക്കാരിനു ലാഭം ഉണ്ടാവുകയാണെങ്കിൽ ആയതിൽ മുൻ ദർഘാസുകാർക്ക്/ലേലക്കാർക്ക് അവകാശമുണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും സാഹചര്യത്തിൽ കശുവണ്ടി സംഭരണം ഡിപ്പാർട്ടുമെന്റ് നേരിട്ടു നടത്തേണ്ടി വരികയാണെങ്കിൽ ആയതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം വീഴ്ചക്കാരനിൽനിന്നും റവന്യൂ റിക്കവറി അടക്കമുള്ള നിയമ നടപടികളിൽ കൂടി ഈടാക്കുന്നതാണ്. ഈ ഇനത്തിൽ ഉണ്ടാകുന്ന ലാഭത്തിൽ മുൻ ദർഘാസുകാരന്/ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

11. ദർഘാസ്/ലേലക്കാരൻ ബാക്കി സംഖ്യയെല്ലാം യഥാസമയം അടയ്ക്കുകയും ഉടമ്പടി വെയ്ക്കാൻ മാത്രം താമസിക്കുകയും ചെയ്യുകയാണെങ്കിൽ പണം അടച്ച തീയതി മുതൽ 30 ദിവസത്തേക്ക് ദിവസത്തിൽ ₹ 2 വസൂലാക്കികൊണ്ട് ഉടമ്പടി വെക്കാൻ അനുവാദം നൽകാവുന്നതാണ്.

12. ദർഘാസ്/ലേലത്തിനു മുമ്പായി ലേല പരസ്യം വായിച്ച് മനസിലാക്കി ഒപ്പിട്ടു തരുന്നവർക്ക് 9-3-1976-ലെ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ച 23-2-1976-ലെ ജി.ഒ. (പി) 64/76/എം.ഡി.-യിൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമാണ്. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്ന ആൾ ലേലത്തിനുമുമ്പ് കശുമാവു തോട്ടം നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിനുശേഷം ഇതു സംബന്ധിച്ചുള്ള യാതൊരു പരാതിയും സ്വീകരിക്കുന്നതല്ല.

13. ദർഘാസ്/ലേലത്തിന് നിശ്ചയിച്ച ദിവസം പൊതു അവധിയായി വരികയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും വെച്ച് ദർഘാസ്/ലേലം നടത്തുന്നതാണ്.

14. കരാർ കാലാവധി ഉടമ്പടി വെയ്ക്കുന്ന ദിവസം മുതൽ 30-6-2021 വരെയായിരിക്കും.

15. ഉടമ്പടി കാലയളവിൽ കശുമാവ് വൃക്ഷങ്ങളുടെ മുഴുവൻ പരിചരണവും രോഗപ്രതിരോധ പ്രവർത്തനങ്ങളും ചെയ്യേണ്ടത് കരാറുകാരാണ്.

16. കരാറുകാരൻ നിലവിലുള്ള നിയമങ്ങളെല്ലാം പാലിക്കേണ്ടതാണ്. കൂടാതെ തോട്ടങ്ങളിൽ അഗ്നിസംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

17. വനം കുറ്റങ്ങളെ സംബന്ധിച്ച് അറിവ് ലഭിച്ചാൽ അത് ഉടനെ റെയിഞ്ച് സ്റ്റാഫിനെ അറിയിക്കേണ്ടതും കുറ്റകൃത്യങ്ങൾ തടയുവാൻ ആവശ്യപ്പെട്ടാൽ സഹായിക്കേണ്ടതുമാണ്.

18. ലേല/ദർഘാസ് വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തിയാൽ കരാർ ഉടൻതന്നെ റദ്ദുചെയ്യൽ ഉൾപ്പെടെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ ഡി.എഫ്.ഒ.-ക്ക് അധികാരമുണ്ടായിരിക്കും.

19. മലബാർ വന്യജീവി സങ്കേതത്തിനുള്ളിലുള്ള സ്ഥലങ്ങളിൽനിന്നും കശുവണ്ടി ശേഖരിക്കാൻ പാടില്ല.

20. വനം വകുപ്പിന്റെ പെർമിറ്റ് പ്രകാരം മാത്രമേ കശുവണ്ടി നീക്കം ചെയ്യാൻ പാടുള്ളൂ.

21. വനത്തിനും വന്യജീവികൾക്കും യാതൊരു ഉപദ്രവവും ഉണ്ടാക്കരുത്.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റാഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
കോഴിക്കോട്.

## കണ്ണൂർ ഡിവിഷൻ

### ദർഘാസ് പരസ്യം

നമ്പർ ഡി-1321/2020. 2021 ജനുവരി 1.

കേരള ഗവർണ്ണർക്കുവേണ്ടി കണ്ണൂർ ഡിവിഷന്റെ കീഴിൽ 2020-21 സാമ്പത്തിക വർഷം താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന സിവിൽ ജോലികൾ ഏറ്റെടുത്ത് നടത്തുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ദർഘാസുകൾ താഴെ കാണിക്കും വിധത്തിലുള്ള സമയപരിധിക്കുള്ളിൽ പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത എ, ബി, സി, ഡി ക്ലാസ്സ് കരാറുകാരിൽ നിന്നും ക്ഷണിച്ചുകൊള്ളുന്നു.

പട്ടിക

| ക്രമ നമ്പർ | പ്രവർത്തിയുടെ പേരും ഉദ്ദേശ അടങ്കൽ തുകയും (ലക്ഷത്തിൽ) | നിരതദ്രവ്യം ₹ |
|---|---|---|
| 1 | കണ്ണൂർ കണ്ണോത്തുംചാലിലുള്ള സി.സി.എഫ്. ഓഫീസ് ടോയ്‌ലറ്റ് മെയിന്റനൻസ് പ്രവൃത്തി 2020-2021 (റീ-ടെണ്ടർ)—₹ 0.70 | 1,750 |
| 2 | കൊട്ടിയൂർ റെയിഞ്ച് തോലമ്പ്ര സെക്ഷനിലെ മാംഗ്രൂവ് റിസർവ്വ് ഫോറസ്റ്റ് ബൗണ്ടറിയിൽ കോൺക്രീറ്റ് പില്ലറുകൾ സ്ഥാപിക്കുന്നത് (45 എണ്ണം) (റീ-ടെണ്ടർ)—₹ 1.51 | 3,800 |
| 3 | കൊട്ടിയൂർ റെയിഞ്ച് ഇരിട്ടി സെക്ഷൻ ഹെഡ് ക്വാർട്ടേഴ്സ് ബിൽഡിംഗ് മെയിന്റനൻസ് പ്രവൃത്തി 2020-2021—₹ 4.70 | 12,000 |
| 4 | തളിപ്പറമ്പ് റെയിഞ്ചിലെ ശ്രീകണ്ഠാപുരം സെക്ഷനിലുള്ള അളകാപുരി വെള്ളച്ചാട്ടം ഏരിയയിൽ ടോയ്‌ലറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി 2019-2020 (റീ-ടെണ്ടർ)—₹ 0.46 | 1,200 |
| 5 | തളിപ്പറമ്പ് റെയിഞ്ചിലെ റെയിഞ്ച് ഓഫീസ് കോമ്പൗണ്ടിലെ ചുറ്റുമതിൽ നവീകരണ പ്രവൃത്തി 2020-2021 —₹ 1.40 | 3,500 |

ദർഘാസ് ഫോറത്തിന്റെ വില (ജി. എസ്. ടി.+ സെസ് ഉൾപ്പെടെ)—ക്രമനമ്പർ 1, 2, 4, 5 ഇവയ്ക്ക് ₹ 650, ക്രമനമ്പർ 3-ന് ₹ 1,300.

ദർഘാസ് പ്രമാണങ്ങൾ കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

കരാറുകാരുടെ ക്ലാസ്—എ, ബി, സി, ഡി പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ ലൈസൻസ്.

ഡിവിഷൻ/റെയിഞ്ച്—കണ്ണൂർ ഫോറസ്റ്റ് ഡിവിഷൻ/ കൊട്ടിയൂർ/തളിപ്പറമ്പ്/കണ്ണവം റെയിഞ്ച്.

ദർഘാസ് പ്രമാണം ലഭ്യമാകുന്ന തീയതിയും സമയവും—27-1-2021, ഉച്ചയ്ക്ക് 1 മണി.

ദർഘാസ് സമർപ്പിക്കാവുന്ന അവസാന തീയതിയും സമയവും—27-1-2021, വൈകുന്നേരം 3 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—27-1-2021, 3.30 മണി.

പ്രവൃത്തി ചെയ്തു തീർക്കേണ്ട കാലാവധി—ക്രമനമ്പർ 3-ന്—2 മാസം, ക്രമനമ്പർ 1, 2, 4, 5 ഇവയ്ക്ക് ഒരു മാസം.

ഏതെങ്കിലും കാരണവശാൽ 27-1-2021-ാം തീയതിയിൽ ദർഘാസ് നടക്കാതെ വന്നാൽ മുൻ പറഞ്ഞ സ്ഥലത്തും സമയത്തും വെച്ച് 28-1-2021-ന് ദർഘാസ് നടത്തുന്നതായിരിക്കും.

ദർഘാസ് ഫോറത്തിന്റെ വില യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥരോ നിർദ്ദിഷ്ട തീയതിയിലും സമയത്തും ദർഘാസുകൾ തുറക്കുന്നതായിരിക്കും. കേരള പൊതുമരാമത്ത് വകുപ്പിലെ എല്ലാ ദർഘാസ് നിബന്ധനകളും മേൽ ജോലികൾക്കും ബാധകമായിരിക്കും. ദർഘാസ് ഫോറങ്ങൾ യാതൊരു കാരണവശാലും കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. നിരതദ്രവ്യം ഏതെങ്കിലും ദേശസാത്കൃത/ഷെഡ്യൂൾ ബാങ്കിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് രൂപത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂരിന്റെ പേരിൽ പണയപ്പെടുത്തി ദർഘാസിനൊടൊപ്പം സമർപ്പിക്കേണ്ടതാണ്. 1-11-1992-ലെ ജി. ഒ. (എം. എസ്) നമ്പർ 98/92 പി. ഡബ്ല്യു. ഡി. പ്രകാരമുള്ള ഗ്യാരന്റി ഈ ദർഘാസ് ജോലികൾക്കും ബാധകമായിരിക്കും. ₹ 200-ന്റെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് ഹാജരാക്കേണ്ടതാണ്. അപൂർണ്ണമായതും ഇ. എം. ഡി. വെച്ചിട്ടില്ലാത്തതോ സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതോ ആയ ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ഏതെങ്കിലും ടെണ്ടർ യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഈ ദർഘാസ് പരസ്യം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് എന്നിവിടങ്ങളിൽ അന്വേഷിച്ചാൽ പ്രവൃത്തി ദിവസങ്ങളിലും www.keralaforest.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

ദർഘാസ് സംബന്ധമായി PWD-യിലും വനംവകുപ്പിലും നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും.

No. D-1321/2020. *1st January 2021.*

Sealed competitive tenders in the prescribed form are invited from approved A, B, C, D Class Contractors of PWD Kerala for the following works by the undersigned for and on behalf of Governor of Kerala. Tender form can be had from the office of the undersigned on request in writing till 1 p. m. on the date of tender on payment of its cost and taxes. The last date and time of receipt of tender in sealed cover superscribing the name of the work is 3 p. m. on the tender date. The tender will be opened at 3. 30 p. m on 27-1-2021 in the presence of the tenderers present at that time. In case the tender is not materialized on 27-1-2021 due to any reasons, it will be conducted on 28-1-2021 at the same time and place.

Schedule

| *Sl. No.* | *Name of Work and Approximate Estimate amount (in lakhs)* | *EMD ₹* |
|---|---|---|
| 1 | Maintenance work to CCF Office toilet at Kannothumchal in Kannur during the year 2020-21 (Re tender)—₹ 0.70 | 1,750 |
| 2 | Casting and erection of concrete pillers around Mangrove Reserve forest boundaries in Tholambra section in Kottiyoor Range (45 Nos.) (Re tender)—₹ 1.51 | 3,800 |
| 3 | Preventing of leakage and maintenance work in Iritty section HQ building at Iritty in Kottiyoor Range during the year 2020-21 (Re tender)—₹ 4.70 | 12,000 |
| 4 | Fixing toilet at Alakapuri Waterfall area in Sreekandapuram section of Thaliparamba Range during the year 2019-20 (Re tender)—₹ 0.46 | 1,200 |
| 5 | Maintenance work of Compound wall in Thaliparamba Range during the year 2020-21—₹ 1.40 | 3,500 |

Tender form value (including GST and Cess)—₹ 650 for Sl. Nos. 1, 2, 4, 5 and ₹ 1,300 Sl. No. 3.

Sale of tender documents can be available from Divisional Forest Office, Kannur.

Classification of bidder—A, B, C, D PWD Contractor Licence.

Last date and time from which the tender form will be available—27-1-2021, 1 p. m.

Last date and time of submission of tender—27-1-2021, 3 p. m.

Date and time of opening of tender—27-1-2021, 3.30 p. m.

Period of completion of work—1 month for Sl Nos 1, 2, 4, 5 and 2 months for Sl. No. 3.

Name of Division—Kannur Division.

The cost of tender forms will not be refunded at any cost. EMD will be accepted through DD taken from any of the Nationalized Bank in favour of Divisional Forest Officer, Kannur. The name of work should be superscribed on the sealed cover. All the conditions prevailed in Kerala Public Works Department and Kerala Forest Department will be applicable to these works. Guarantee as prescribed in G. O. (Ms.) No. 98/92/ PWD dated 1-11-1992 will also be applicable to this tender. Tender forms are not transferable. Tender should be submitted along with a preliminary agreement signed and executed in a stamp paper worth ₹ 200. Incomplete tenders and tenders without EMD or tender received after this stipulated time are liable to reject it. The undersigned reserves the right to reject any tender without assigning any reason thereof.

More details can be had from office of the Divisional Forest Officer, Kannur, Kannothumchal, Kannur or O/o the Range Forest Officer, Kottiyoor/Kannavam/ Taliparamba during the working hours and also from the website www. keralaforest.gov.in.

Office of the,
Divisional Forest Officer,
Kannur.

P. KARTHICK IFS,
*Divisional Forest Officer.*